ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 25.11.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. സത്യമേവ ജയതേ എന്ന ദർശനത്തിലൂന്നിയാണ് രാജ്യം മുന്നോട്ട് പോകുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. അയോധ്യ ശ്രീരാമ ജന്മഭൂമി ക്ഷേത്രത്തിലെ ധ്വജാരോഹണ ചടങ്ങിൽ പ്രധാനമന്ത്രി പങ്കെടുത്തു.

**Prime Minister Narendra Modi said that the country is moving forward with the philosophy of Satyameva Jayate. Prime Minister hoisted saffron flag atop Shri Ram Janmabhoomi Mandir in Ayodhya, symbolizing completion of temple's construction.**

2. ഗുരു തേജ് ബഹാദൂറിൻറെ 350-ാമത് ഷഹീദി ദിവസ് അനുസ്മരണ പരിപാടിയിൽ പങ്കെടുക്കാൻ പ്രധാനമന്ത്രി ഇന്ന് കുരുക്ഷേത്ര സന്ദർശിക്കും.

**Prime Minister to participate in a special programme commemorating 350th Shaheedi Diwas of Guru Tegh Bahadur in Kurukshetra, today.**

3. എത്യോപ്യയിലെ അഗ്നിപർവ്വത സ്ഫോടനത്തെ തുടർന്ന് ആഭ്യന്തര- അന്താരാഷ്ട്ര വിമാന സർവീസുകൾ നിർത്തിവച്ച് എയർ ഇന്ത്യ ഉൾപ്പെടെയുള്ള വിമാനക്കമ്പനികൾ.

**Indian Airlines including Air India have suspended many domestic and international flights, following the volcanic eruption in Ethiopia.**

4. കേരളത്തിൽ തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിൻറെ ഭാഗമായി ഡിജിറ്റൈസ് ചെയ്ത ഫോമുകളുടെ എണ്ണം 76 ലക്ഷം കവിഞ്ഞതായ് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ.

**The number of forms digitized as part of the SIR in Kerala has crossed 76 lakh, said Chief Electoral Officer Ratan U Kelkar.**

5. സംസ്ഥാനത്ത് അടുത്ത നാലു ദിവസം കൂടി ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കുള്ള സാധ്യത. ഇന്ന് മൂന്ന് ജില്ലകളിൽ മഞ്ഞജാഗ്രതാ നിർദ്ദേശം. കേരള, ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 28 വരെ മത്സ്യബന്ധനത്തിന് വിലക്ക്.

**IMD predicts heavy rains in isolated parts of Kerala for the next four days. Yellow alert issued in three districts today. Fishing banned off the coast of Kerala and Lakshadweep till the 28th of this month.**

6. ഇന്ന് സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ ഉന്മൂലനം ചെയ്യുന്നതിനുള്ള അന്താരാഷ്ട്ര ദിനം .

**Today marks the International Day for the Elimination of Violence against Women.**

❁❁❁❁❁❁❁❁❁❁❁❁❁

## PM AYODHYA

രാമരാജ്യത്തിൻറെ മാഹാത്മ്യം വിളിച്ചോതുന്നതാണ് അയോധ്യ ശ്രീരാമ ജന്മഭൂമി ക്ഷേത്രത്തിലെ ധ്വജമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. അയോധ്യ ശ്രീരാമ ജന്മഭൂമി ക്ഷേത്രത്തിലെ ധ്വജാരോഹണ ചടങ്ങിൽ പങ്കെടുക്കുകയായിരുന്നു പ്രധാനമന്ത്രി. സത്യമേവ ജയതേ എന്ന ദർശനത്തിലൂന്നിയാണ് രാജ്യം മുന്നോട്ട് പോകുന്നത്. ശ്രീരാമൻറെ ആദർശങ്ങൾ വരുംതലമുറയ്ക്ക് പ്രചോദനമാകുമെന്നും പ്രധാനമന്ത്രി പറഞ്ഞു. ക്ഷേത്ര നിർമ്മാണ പ്രവർത്തനങ്ങളുടെ സമാപനം കുറിച്ച് കൊണ്ട് നടത്തുന്ന ചടങ്ങാണ് ധ്വജാരോഹണം. ശേഷാവതാർ ക്ഷേത്രത്തിൽ ദർശനം നടത്തിയ ശ്രീ നരേന്ദ്ര മോദി രാം ദർബാർ ഗർബ ഘട്ടിൽ പ്രത്യേക പൂജയിലും പങ്കെടുത്തു. ലോകം മുഴുവൻ സമാധാനവും ശാന്തിയും പുലരാനുള്ള സന്ദേശമാണ് ധ്വജാരോഹണം നല്കുന്നതെന്ന് ചടങ്ങിൽ പങ്കെടുത്ത ആർ.എസ്.എസ്. മേധാവി മോഹൻ ഭാഗവത് പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

## PM – KURUKESHETRA

ഗുരു തേജ് ബഹാദൂറിൻറെ 350-ാമത് ഷഹീദി ദിവസ് അനുസ്മരണത്തിനായുള്ള പ്രത്യേക പരിപാടിയിൽ പങ്കെടുക്കാൻ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് വൈകുന്നേരം കുരുക്ഷേത്ര സന്ദർശിക്കും. ഗുരുവിന്റെ അനുസ്മരണാർത്ഥം പ്രത്യേക നാണയവും സ്മാരക സ്റ്റാമ്പും ശ്രീ.മോദി പുറത്തിറക്കും. വൈകുന്നേരം, തീർത്ഥാടന കേന്ദ്രമായ ബ്രഹ്മ സരോവറിൽ പ്രധാനമന്ത്രി ദർശനം നടത്തും.

❁❁❁❁❁❁❁❁❁❁❁❁❁

**PM- GURU TEGH BAHADUR**

സിഖ് ഗുരു തേജ് ബഹാദൂർ രക്തസാക്ഷിത്വം വരിച്ചതിൻറെ 350-ാം വാർഷികത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ശ്രദ്ധാഞ്ജലി അർപ്പിച്ചു . ഒൻപതാമത്തെ ഗുരുവായ തേജ് ബഹാദൂറിൻറെ രക്തസാക്ഷിത്വം , മാനവികതയ്ക്കും , ധൈര്യത്തിനും , ത്യാഗത്തിനുമായി അർപ്പിക്കപ്പെട്ടതാണെന്ന് പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു .

❁❁❁❁❁❁❁❁❁❁❁❁❁

**AIR INDIA-FLIGHTS(INTRO)**

എത്യോപ്യയിലെ അഗ്നിപർവ്വത സ്ഫോടനത്തെ തുടർന്ന് ഏതാനും ആഭ്യന്തര- അന്താരാഷ്ട്ര വിമാന

സർവ്വീസുകൾ നിർത്തിവച്ചതായി എയർ ഇന്ത്യ ഉൾപ്പെടെയുള്ള ഇന്ത്യൻ വിമാനക്കമ്പനികൾ അറിയിച്ചു . 45,000 അടിക്ക് മുകളിൽ ഉയർന്ന ചാരം, ജെറ്റ് എഞ്ചിനുകൾക്ക് ഗുരുതരമായ കേടുപാടുകൾ വരുത്തുകയും ദൃശ്യപരതയെ തടസ്സപ്പെടുത്തുകയും ചെയ്യുമെന്ന് ഡയറക്ടറേറ്റ് ജനറൽ ഓഫ് സിവിൽ ഏവിയേഷൻ വിമാനകമ്പനികൾക്ക് മുന്നറിയിപ്പ് നൽകി.

വിശദാംശങ്ങളിലേക്ക്............

(വോയിസ്)

**AIR INDIA-FLIGHTS(VOICE)**

പശ്ചിമേഷ്യയിലേക്കുള്ള നിരവധി വിമാനങ്ങൾ താൽക്കാലികമായി നിർത്തിവയ്ക്കുകയോ വഴിതിരിച്ചുവിടുകയോ ചെയ്തു.ഇൻഡിഗോ ആറ് വിമാനങ്ങൾ റദ്ദാക്കുകയും കണ്ണൂർ-അബുദാബി സർവീസ് അഹമ്മദാബാദിലേക്ക് തിരിച്ചുവിടുകയും ചെയ്തു. യാത്രക്കാർക്കു വേണ്ട സഹായങ്ങൾ ലഭ്യമാക്കുന്നതിനായി മൂന്ന് സംഘങ്ങളെ നിയോഗിച്ചിട്ടുണ്ടെന്ന് എയർ ഇന്ത്യ അറിയിച്ചു. മറ്റ് യാത്രാ സൗകര്യങ്ങൾ എത്രയും വേഗം സജ്ജമാക്കുമെന്ന് വിമാനകമ്പനി അറിയിച്ചു. പന്ത്രണ്ടായിരം വർഷത്തിലധികമായി നിഷ്ക്രിയമായിരുന്ന എത്യോപ്യയിലെ ഹെയ്ലി ഗുബ്ബി അഗ്നിപർവ്വതമാണ് കഴിഞ്ഞദിവസം അപ്രതീക്ഷിതമായി പൊട്ടിത്തെറിച്ചത്. ഇതേതുടർന്ന്

ചാരവും സൾഫർ ഡൈ ഓക്സൈഡും നിറഞ്ഞ പുക പടരുകയായിരുന്നു. ആഫ്രിക്കൻ അറബ് രാജ്യങ്ങളിൽ വ്യാപിച്ച പുകപടലം ഇന്ത്യയിലേക്കുമെത്തിയതാണ് വ്യോമഗതാഗതം തടസ്സപ്പെടാൻ കാരണം. ഇന്ന് വൈകുന്നേരത്തോടെ ചാരമേഘം ചിതറിപ്പോകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് ഇന്ത്യൻ കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

ന്യൂസ് ഡസ്ക് ആകാശവാണി.....

## SEBI MULLS

ചെറുകിട നിക്ഷേപകരുടെ അടിസ്ഥാന സേവന ഡീമാറ്റ് അക്കൗണ്ടിൻറെ യോഗ്യത നിർണ്ണയിക്കുന്നതിന് സീറോ കൂപ്പൺ സീറോ പ്രിൻസിപ്പൽ ബോണ്ടുകൾ ഒഴിവാക്കണമെന്ന് സെബി . ബേസിക് സർവീസസ് ഡീമാറ്റ് അക്കൗണ്ട് തുറക്കുന്നതിനുള്ള യോഗ്യത, ചാർജ് ഘടന, തുടങ്ങിവയുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ പുനഃപരിശോധിക്കുകയാണെന്നും സെബി അറിയിച്ചു.

## EC – SIR

വോട്ടർ പട്ടിക തീവ്ര പരിഷ്കരണത്തിന്റെ രണ്ടാം ഘട്ടം ആരംഭിച്ചതിനുശേഷം 99 ശതമാനത്തിലധികം എന്യൂമറെഷൻ ഫോമുകൾ വോട്ടർമാർക്കിടയിൽ വിതരണം

ചെയ്യുതായി തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. കേരളം ഉൾപ്പെടെ ഒമ്പത് സംസ്ഥാനങ്ങളിലും മൂന്ന് കേന്ദ്രഭരണ പ്രദേശങ്ങളിലുമായി ഈ മാസം 4 നാണ് രണ്ടാം ഘട്ട വോട്ടർ പട്ടിക പരിഷ്കരണം ആരംഭിച്ചത്.

## SIR – KERALA

സംസ്ഥാനത്ത് ഇന്നലെ വൈകിട്ട് 6 മണിയോടെ ഡിജിറ്റൈസ് ചെയ്യു ഫോമുകളുടെ എണ്ണം 76 ലക്ഷത്തി 37 ആയിരത്തി 216 ആയി ഉയർന്നതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ. ഇത് മൊത്തം വിതരണം ചെയ്യു ഫോമുകളുടെ 27.42% ആണ്.

## LSGD CANDIDATES

കേരളത്തിലെ തദ്ദേശ തിരഞ്ഞെടുപ്പിൽ ജനവിധി തേടാൻ 23,562 വാർഡുകളിലായി ഇത്തവണ 72,005 സ്ഥാനാർത്ഥികൾ. ഇതിൽ 37,786 സ്ത്രീകളും 34,218 പുരുഷൻമാരും

ഒരു ട്രാൻസ്ജെൻഡറുമുണ്ട്. സ്ഥാനാർത്ഥികളുടെ അന്തിമ പട്ടിക റിട്ടേണിങ് ഓഫീസർമാർ പ്രസിദ്ധീകരിച്ചു. കണ്ണൂരിലെ മൂന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 14 എൽ.ഡി.എഫ് സ്ഥാനാർത്ഥികൾ എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടു.

## SABARIMALA

ശബരിമല തീർത്ഥാടന വിഷയങ്ങൾ സംബന്ധിച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡിൻറെ യോഗം ആരംഭിച്ചു. ദേവസ്വം ബോർഡ് പ്രസിഡൻറായി കെ.ജയകുമാർ ചുമതലയേറ്റ ശേഷമുള്ള രണ്ടാമത്തെ യോഗമാണിത്.

അതെസമയം, ശബരിമല ദർശനത്തിനുള്ള സ്പോട്ട് ബുക്കിംഗ് ഇന്ന് 5000 ആയി നിജപെടുത്തിയിട്ടുണ്ട് . വെർച്ചൽ ക്യൂ ബുക്കിംഗ് വഴി എഴുപതിനായിരം ഭക്തർക്ക് ദർശനത്തിന് അവസരമുണ്ട്.

## RABI CROPS-DATA

ഈ മാസം 21 വരെ 306 ലക്ഷം ഹെക്ടറിലധികം സ്ഥലത്ത് റാബി വിളകൾ കൃഷിചെയ്തതായി കേന്ദ്ര കൃഷി മന്ത്രാലയം. കഴിഞ്ഞ വർഷം ഇതേ കാലയളവിൽ 68.15 ലക്ഷം ഹെക്ടർ സ്ഥലത്ത് പയർവർഗ്ഗങ്ങൾ കൃഷി ചെയ്തിരുന്നത് ഇത്തവണ 73.36 ലക്ഷം ഹെക്ടറായി വ്യാപിപ്പിച്ചു. എണ്ണക്കുരുക്കളുടെ കൃഷിയിലും വർദ്ധനവ് രേഖപ്പെടുത്തി .

## INTERNATIONAL DAY

സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ ഉന്മൂലനം ചെയ്യുന്നതിനുള്ള അന്താരാഷ്ട്ര ദിനം ഇന്ന്. ആഗോള തലത്തിൽ സ്ത്രീകൾക്കും പെൺകുട്ടികൾക്കുമെതിരായ അതിക്രമങ്ങൾ അവസാനിപ്പിക്കാൻ ആവശ്യമായ വർദ്ധിച്ച നയരൂപീകരണമാണ് ദിനാചരണ ലക്ഷ്യം. 2008 ലാണ് ഐക്യരാഷ്ട്ര സഭ ദിനാചരണത്തിന് തുടക്കം കുറിച്ചത്.

❁❁❁❁❁❁❁❁❁❁❁❁❁

## SAMVIDHAN DIWAS (INTRO)

രാജ്യം നാളെ സംവിധാൻ ദിവസ് ആഘോഷിക്കും. ഹമാര സംവിധാൻ- ഹമാര സ്വാഭിമാൻ എന്നതാണ് ഈ വർഷത്തെ പ്രമേയം.

*വിശദാംശങ്ങളിലേക്ക്.......*

*(ഹോൾഡ് വോയ്സ്........)*

❁❁❁❁❁❁❁❁❁❁❁❁❁

## SAMVIDHAN DIWAS (VOICE)

ന്യൂഡൽഹി സംവിധാൻ സദനിലെ സെൻട്രൽ ഹാളിൽ നാളെ നടക്കുന്ന സംവിധാൻ ദിവസ് പരിപാടിയിൽ രാഷ്ട്രപതി ദ്രൗപദി മുർമ്മു, ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്ര മോദി, ലോക്സഭാ സ്പീക്കർ ഓം ബിർല, കേന്ദ്ര മന്ത്രിമാർ, എംപിമാർ

തുടങ്ങിയവർ പങ്കെടുക്കും. രാജ്യത്തെ സ്വാതന്ത്ര്യസമര സേനാനികളെ ഓർമ്മിക്കുന്നതിനും ഭരണഘടന മൂല്യങ്ങൾ സംരക്ഷിക്കുന്നതിനുമുള്ള രാജ്യത്തിൻറെ പ്രതിബദ്ധത ഊട്ടിഉറപ്പിക്കുന്നതിനുമാണ് ദിനാചരണം. ഭരണഘടനാ ശിൽപി ബിആർ അംബേദ്ക്കറിൻറെ സംഭാവനകളെ അനുസ്മരിച്ച് നവംബർ 26 സംവിധാൻ ദിവസായി പ്രഖ്യാപിച്ചതിന് പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് നന്ദി അറിയിക്കുന്നതായി പാർലമെൻററി കാര്യ മന്ത്രി കിരൺ റിജിജു സമൂഹമാധ്യമത്തിൽ കുറിച്ചു.

ന്യൂസ് ഡെസ്ക് ആകാശവാണി.....

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പരിപാടി 'മൻ കീ ബാത്' ഈ മാസം 30-ന് രാവിലെ 11ന്. പരിപാടിയിലേക്കുള്ള ആശയങ്ങളും നിർദ്ദേശങ്ങളും ഈ മാസം 28 വരെ 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെ നൽകാം.

## IMD-WEATHER

അസം, മേഘാലയ, നാഗാലാൻറ്, മണിപ്പൂർ, മിസോറം, ത്രിപുര, വടക്കുപടിഞ്ഞാറൻ ഉത്തർപ്രദേശ് എന്നിവിടങ്ങളിലെ

ഒറ്റപ്പെട്ട ഇടങ്ങളിൽ കനത്ത മൂടൽ മഞ്ഞിന് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കേരളത്തിൽ അടുത്ത നാലു ദിവസം കൂടി ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കുള്ള സാധ്യതയും പ്രവചിച്ചിട്ടുണ്ട്. ഇന്ന്

തിരുവനന്തപുരം , കൊല്ലം, പത്തനംതിട്ട ജില്ലകളിൽ മഞ്ഞജാഗ്രതാ നിർദ്ദേശം നൽകിയിട്ടുണ്ട്. കേരള, ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 28 വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

## MULLAPERIYAR

മുല്ലപ്പെരിയാർ അണക്കെട്ടിൻറെ വൃഷ്ടിപ്രദേശത്ത് മഴ ശക്തമായതോടെ ജലനിരപ്പ് ഉയരുന്നു. ഏറ്റവും ഒടുവിൽ ലഭിച്ച കണക്കുകൾ പ്രകാരം 139.80 അടിയാണ് ജലനിരപ്പ്. സെക്കൻ്റിൽ 3,740 ഘന അടിവെള്ളം ഡാമിലേക്ക് ഒഴുകി എത്തുന്നുണ്ട്. 138 അടി പിന്നിട്ടതോടെ തമിഴ്നാട് രണ്ടാം ജാഗ്രത നിർദ്ദേശം നൽകി.

## SBI-LABOUR REFORMS

പുതിയ ലേബർ കോഡുകൾ രാജ്യത്തിൻറെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുമെന്നും തൊഴിലില്ലായ്മ നിരക്ക് കുറയ്ക്കുമെന്നും റിപ്പോർട്ട്. രാജ്യത്തെ തൊഴിലില്ലായ്മ നിരക്ക് 1.3 ശതമാനം കുറയുമെന്നും 77 ലക്ഷം തൊഴിലവസരങ്ങൾ

സൃഷ്ടിക്കപ്പെടുമെന്നും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ റിപ്പോർട്ടിൽ പറയുന്നു. ഈ മാസം 21നാണ് പുതിയ ലേബർ കോഡ് പ്രാബല്യത്തിൽ വന്നത്.

## CHAR DHAM

ഉത്തരാഖണ്ഡിൽ ഈ വർഷത്തെ ചാർധാം യാത്രയ്ക്ക് സമാപനം കുറിച്ച് ബദരിനാഥ് ക്ഷേത്രത്തിൻറെ കവാടങ്ങൾ ഇന്ന് അടയ്ക്കും. ശൈത്യകാലം ആരംഭിച്ചതിനെ തുടർന്നാണ് ചമോലി ജില്ലയിലെ ക്ഷേത്രം അടയ്ക്കുന്നത്.

## TRUMP-XI-PHONE CALL

ഏപ്രിലിൽ ചൈന സന്ദർശിക്കുമെന്ന് അമേരിക്കൻ പ്രസിഡൻറ് ഡോണൾഡ് ട്രംപ്. ചൈനീസ് പ്രസിഡൻറ് ഷീ ജിങ് പിങ്ങിൻറെ ക്ഷണ പ്രകാരമാണ് സന്ദർശനം. ചൈനീസ് പ്രസിഡൻറുമായി നടത്തിയ ടെലിഫോൺ സംഭാഷണത്തിന് ശേഷമാണ് ട്രംപ് സമൂഹമാധ്യമത്തിലൂടെ ഇക്കാര്യം വ്യക്തമാക്കിയത്. യുക്രൈൻ, റഷ്യ വിഷയം ഉൾപ്പെടെയുള്ളവ ചർച്ച ചെയ്തതായും അദ്ദേഹം അറിയിച്ചു.